# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂൺ 17, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

**20(*181)** ആദിവാസി മേഖലയിലെ ശിശുമരണങ്ങൾ തടയാൻ നടപടി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ആദിവാസി മേഖലയിൽ ശിശുമരണങ്ങൾ തടയുന്നതിന് നടക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പട്ടികവർഗ്ഗ യുവജനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 25-04-2013, 22-05-2013, 5-8-2013, 20-12-2013 തീയതികളിൽ സംസ്ഥാനതല ഉദ്യോഗസ്ഥരുടെ അവലോകനയോഗം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവിഷ്ക്കരിച്ച പ്രോജക്ടുകൾ കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. 6-6-2013-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പട്ടികവർഗ്ഗ യുവജനകാര്യ വകുപ്പുമന്ത്രിയും ഗ്രാമവികസന വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിയും

അട്ടപ്പാടി സന്ദർശിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ പട്ടികവർഗ്ഗ യുവജനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഉപാദ്ധ്യക്ഷനായുള്ള സമിതി 8–10–2013, 19–02–2014, 13–06–2014 തീയതികളിൽ യോഗം ചേർന്ന് അട്ടപ്പാടിയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനം അവലോകനം ചെയ്യുകയും പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശം സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് നൽകിവരികയും ചെയ്യുന്നതിന് പുറമേ, സ്പെഷ്യൽ ഓഫീസറുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും കൃത്യമായി പ്രവർത്തനങ്ങൾ വിലയിരുത്തി തുടർ പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പാക്കിവരികയും ചെയ്യുന്നു. അട്ടപ്പാടിയിൽ ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാക്കുന്നതിനും രോഗപ്രതിരോധം സാധ്യമാക്കുന്നതിനും ആരോഗ്യം, ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം, സാമൂഹ്യനീതി, ഗ്രാമവികസനം എന്നീ വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ ക്രിയാത്മകമായി ഇടപെടുകയും വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അട്ടപ്പാടിയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ച ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ മുഖേന ദുർബലരായ കുട്ടികൾക്ക് ആവശ്യമായ പരിചരണം നൽകുകയും സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൺ നടപ്പാക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തുകയും ചെയ്യുന്നു. ആദിവാസി അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും സംരക്ഷണാർത്ഥം ആരംഭിച്ച 'ജനനി ജന്മ രക്ഷ

പദ്ധതി' യിൽ 6384 വനിതകൾക്ക് ആനുകൂല്യം കൊടുത്തുവരുന്നു. വനാന്ത രങ്ങളിൽ താമസിക്കുന്ന ആദിവാസി കോളനികളിൽ ഫുഡ് സപ്പോർട്ട് സ്കീം നടപ്പാക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുള്ളതുകൂടാതെ ഇവർക്ക് ചികിത്സാ സൗകര്യമേർപ്പെടുത്തുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തു ന്നതുമാണ്. ആദിവാസി സ്ത്രീകൾക്കിടയിൽ മദ്യത്തിന്റെയും പുകയിലയു ടെയും ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 25-നും 40-നും ഇട യിൽ പ്രായമുള്ള വനിതകളെ കണ്ടെത്തി ബോധവത്ക്കരണം നടത്തുന്നതി നുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. നിയമസഭാ സമ്മേളനം നടക്കുന്ന കാലയളവിൽ സാമാജികരുടെ അസാന്നിദ്ധ്യത്തിൽ ഊരുകൂട്ടങ്ങൾ വിളിച്ചു ചേർക്കുന്നതായുള്ള പരാതിയിന്മേലും ഇടമലക്കുടി പഞ്ചായത്തിൽ ജനന നിരക്ക് കുറയുന്നതായുള്ള പരാതിയിന്മേലും പരിശോധന നടത്തുന്ന താണ്. കണ്ടംപാറയിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് അടി സ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിന് പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതി നുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും എസ്. ടി. പ്രൊമോട്ടർമാരുടെ ഒഴിവുകൾ നികത്തുന്ന കാര്യം പരിശോധിക്കുന്ന താണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. എണ്ണപ്പാറ പി.എച്ച്.സി. സി.എച്ച്.സി.യായി ഉയർത്തുന്ന കാര്യത്തിൽ ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് ആരോ ഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി അറിയിച്ചു.

**21(*182)** <u>സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.കെ.എം.മാണി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ വാണിജ്യ നികുതി, എക്സൈസ്, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ ഏകോപനത്തോടെ സംയോജിത ഇൻ, ഔട്ട് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം 01–09–2011–ൽ ആരംഭിച്ചതായി സഭയെ അറിയിച്ചു. വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കുനീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്കു വാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് പഠനം നടത്തിയ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടനുസരിച്ച് പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. കൂടാതെ, മുത്തങ്ങ, ബംഗ്രാ–മഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ തുടങ്ങാനും ലക്ഷ്യമിടുന്നു. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേ സമയം നടക്കുമെന്നതിനാൽ പരിശോധനാ സമയം കാര്യമായി കുറച്ച് വാഹനങ്ങൾ വേഗത്തിൽ കടത്തി വിടുന്നതിന് സഹായകരമാകുന്ന ഈ സംവിധാനം മറ്റ് പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കേന്ദ്രീകൃത പരിശോധന

യ്ക്കായി അത്യാധുനിക സംവിധാനങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരാനും ഈ സംവിധാനം വഴി സാധിക്കുന്നതാണ്. വാഹന പരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം 27–11–2012 മുതൽ അമരവിള ടോൾ ജംഗ്ഷനിലേക്ക് മാറ്റിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ സർവൈലൻസ് ക്യാമറകളും സ്കാനിംഗ് മെഷീനുകളും സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. സംയോജിത ചെക്ക്പോസ്റ്റുകളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനും മുത്തങ്ങയിൽ ചെക്ക്പോസ്റ്റ് സമുച്ചയം നിർമ്മിക്കുന്നതിനുള്ള ലാന്റ് അക്വിസിഷൻ നടപടികളും ത്വരിതപ്പെടുത്തുന്നതാണ്. വഴിക്കടവ് ചെക്ക്പോസ്റ്റിലൂടെ നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നതിനുള്ള നിരോധനം പിൻവലിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തെന്മലയിൽ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രായോഗിക വശങ്ങൾ പരിശോധിക്കുന്നതാണെന്നും കാസർഗോഡ് ജില്ലയിൽ സെയിൽസ്ടാക്സ് ഇൻസ്പെക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

22(*183) <u>സൗരോർജ്ജ വൈദ്യുതി</u>

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളിലൂടെ വൈദ്യുതോർജ്ജം ഉൾപ്പെടെ ഊർജ്ജോപഭോഗം കുറയ്ക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള 'കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം, 2001' നിലവിലുള്ളതിനാൽ സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജ്ജത്തിന് മുൻതൂക്കം നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി പ്രത്യേക നിയമം രൂപീക

രിച്ചിട്ടില്ലെന്നും ലഭ്യമായ സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സോളാർ പോളിസി രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ സോളാർ ഊർജ്ജത്തിന്റെ സ്ഥാപിതശേഷി 2017 –ൽ 500 മെഗാവാട്ടായും 2030 –ൽ 2500 മെഗാവാട്ടായും വർദ്ധിപ്പിക്കുക, ലഭ്യമായ സൗരോർജ്ജം പരമാവധി ഉപയോഗിക്കുക, കാർബൺ എമിഷൻ കുറച്ചുകൊണ്ട് പരമാവധി ഊർജ്ജ സുരക്ഷ ഉറപ്പുവരുത്തുക, സോളാർ ഊർജ്ജവുമായി ബന്ധപ്പെട്ട മേഖലകളിൽ നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഈ മേഖലകളിൽ പുതിയ കണ്ടുപിടുത്തവുമായി ബന്ധപ്പെട്ട സംരംഭകരെ പ്രോൽസാഹിപ്പിക്കുക, ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സൗരോർജ്ജ പ്ലാന്റുകൾ, ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സൗരോർജ്ജ സംവിധാനം, സൗരോർജ്ജ ഇൻവെർട്ടറുകൾ, സൗരോർജ്ജാധിഷ്ഠിത മൊബൈൽ ടവറുകൾ, പരസ്യ ബോർഡുകൾ, കനാലുകൾ, റിസർവോയറുകൾ, തരിശുഭൂമി എന്നിവയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉത്പാദനം നടത്തുക, ഡീസൽ ജനറേറ്ററുകൾക്ക് പകരം ഉപയോഗിക്കാവുന്ന ഓഫ് ഗ്രിഡ് സൗരോർജ്ജ സംവിധാനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക, ഫാക്ടറി കെട്ടിടങ്ങൾ, സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, ഹോട്ടലുകൾ, ഹോസ്റ്റലുകൾ, ജയിലുകൾ, ഗസ്റ്റ് ഹൗസുകൾ, 2000 ചരുരശ്ര അടിയിൽ കൂടുതലുള്ള വീടുകൾ, ഹൗസിംഗ് കോംപ്ലക്സുകൾ എന്നിവയിൽ സൗരോർജ്ജാധിഷ്ഠിത വാട്ടർ ഹീറ്റിംഗ് സംവിധാനം നിർബന്ധമാക്കുക എന്നിവയാണ് സൗരോർജ്ജ നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. 2000 മുതൽ 3000 ചതുരശ്ര അടിവരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ കുറഞ്ഞത് 100 ലിറ്റർ സൗരോർജ്ജ വാട്ടർഹീറ്ററും 500 വാട്ട് സൗരോർജ്ജ വൈദ്യുതി

സംവിധാനവും 3000 ചതുരശ്ര അടിയിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 110 ലിറ്റർ വാട്ടർ ഹീറ്ററും 1000 വാട്ട് സൗരോർജ്ജ വൈദ്യുത സംവിധാനവും സ്ഥാപിക്കാനാണ് സൗരോർജ്ജനയംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുപ്രകാരം നിലവിലെ കെട്ടിട നിയമത്തിലും ബൈലോയിലും ആവശ്യമായ ഭേദഗതി വരുത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. സൗരോർജ്ജ നയത്തിന്റെ നടത്തിപ്പിനായി സംസ്ഥാനതല എംപവേഡ് കമ്മിറ്റി രൂപീകരിക്കുകയും നിയമ നിർമ്മാണ നടപടികൾ സംബന്ധിച്ച് ആദ്യഘട്ട ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഊർജ്ജ സംരക്ഷണ നിയമത്തിന്റെ 15-ാം വകുപ്പനുസരിച്ച് സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള ഡെസിഗ്നേറ്റഡ് ഏജൻസി (SDA) യായി എനർജി മാനേജ്മെന്റ് സെന്ററിനെ ( EMC) നിയോഗിച്ചിട്ടുണ്ട്. വീടുകളിൽ ഒരു കിലോവാട്ട് വൈദ്യുത സംവിധാനം സ്ഥാപിക്കുന്നവർക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സബ്സിഡി നൽകുന്നതുകൂടാതെ ഇപ്രകാരം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ സബ്സിഡി വാങ്ങിക്കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## 23(*184) യുവസംരംഭകർക്ക് തുടർസഹായത്തിനുള്ള പദ്ധതി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, യുവജനങ്ങളുടെ സംരംഭകത്വശേഷി വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിരിക്കുന്ന സംരംഭകത്വ വികസന പദ്ധതി

(Entrepreneurship Development Programme) ആദ്യഘട്ടമായി വയനാട്, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഒരു ബാച്ചിൽ 25-35 പേരെ ഉൾക്കൊള്ളിച്ച് പ്രീ–ട്രെയിനിംഗ്, ട്രെയിനിംഗ്, മെന്ററിംഗ് എന്നീ മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി കഴിഞ്ഞ സാമ്പത്തിക വർഷം 45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടാംഘട്ട പരിശീലനത്തിനായി 63 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പരിശീലനാനന്തരം ഒരു വർഷത്തേയ്ക്ക് യുവജനങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും സാമ്പത്തിക–സാങ്കേതിക തലങ്ങളിലുള്ള സഹായവും നൽകുന്നതിന് Entrepreneurship Development Institute of India –യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, Entrepreneurship Development Institute of India എന്നിവയുടെ സഹകരണത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ പരിശീലനം നേടിയവർക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും പലിശരഹിത വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇതിനകം 465 പേർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.. ഈ വർഷം ജോബ് ഫെസ്റ്റിവലും കരിയർ ഗൈഡൻസിന്റെ പ്രത്യേക പരിശീലനവും നടത്താൻ ആലോചിക്കുന്നുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1989 മുതൽ 2285 വരെയുള്ള ചോദ്യങ്ങളിൽ 88 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)